# ചെരാത്



ജി.എം.എച്ച്.എസ്.എസ്.കെ.എസ്.പുരം

ഡിജിററൽ മാഗസിൻ

## ആമുഖം

സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണകരമായി ഉപയോഗിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഹൈടെക് സ്കൂളുകളിലെ കുട്ടികളുടെ ഐ.ടി കൂട്ടായ്മയായ "ലിറ്റിൽ കൈറ്റ്സ് " രൂപീകരിച്ചിട്ടുള്ളത്.ഈ പദ്ധതിയിൽ അംഗമായ കുട്ടികൾ പരിശീലന കാലയളവിനുള്ളിൽ വൈവിധ്യമാർന്ന പരിശീലന പ്രവർത്തനങ്ങളിലൂടെ കടന്നുപോകുന്നുണ്ട്

ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പ്രധാന പ്രവർത്തനം എന്ന നിലയിൽ വിവിധ സങ്കേതങ്ങൾ പ്രയോജനപ്പെടുത്തി ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കേണ്ടതുണ്ട്.ഈ പ്രവർത്തനത്തിലൂടെ ഭാഷാ കമ്പ്യൂട്ടിങ്ങിലും ക്യാരക്ടർ എൻകോഡിങ്ങിലും കുട്ടികൾ പ്രാവീണ്യം നേടുന്നു.

കുലശേഖരപുരം ഗവൺമെന്റ് മോഡൽ എച്ച്.എസ്.എസിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ 'ചെരാത് 'എന്ന ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളും നേരുന്നു .

ഓൾഗമേരി റോഡ്രിഗ്സ്

ഹെഡ്മിസ്ട്രസ്

## ഉള്ളടക്കം

രസക്കുടുക്ക ----------------------------------4

ഞാറ്റുപാട്ട്---------------------------------------6

പ്രകൃതിയുടെ പ്രതികാരം---------------------------14

എഴുത്തച്ഛൻ------------------------------------16

കഥ പറയുന്ന കല്ലുകൾ----------------------------17

ആ കാൽവയ്പ്പിന് അൻപത് വർഷം------------------21

ഒരു നാടൻ പാട്ട്   -------------------------------24

സുദേവയുടെഭാഗ്യം--------------------------------26

-

-

## രസക്കുടുക്ക

എനിക്ക് അന്ന് നാല് വയസ്സ് കാണും. പെട്ടെന്നൊരു വാസന. എവിടെ നിന്നാണ് ഈ വാസന വരുന്നത് ? അച്ഛൻ അലമാര തുറന്നതാണ്.എന്താണ് അലമാരയിൽ? തുറന്നു മലർത്തിവച്ചിരിക്കുന്ന അലമാരയുടെ കതകിൽ ചിത്രങ്ങൾ മാത്രമല്ല,അലമാരയുടെ അറകളിലെല്ലാം എന്തോ അടുക്കി വച്ചിരിക്കുന്നു. മുകളിലത്തെ അറയിൽ എന്തോ ഒന്ന് ഞാന്നു കിടക്കുന്നു.കാണാനെന്തൊരു ഭംഗി.

അതെന്താണച്ഛാ ? - ജിജ്ഞാസ അടക്കാൻ വയ്യാതെ ചോദിച്ചു. രസക്കുടുക്കയാണ് മോനെ - അച്ഛൻ പറഞ്ഞു.രസക്കുടുക്ക ! അതെന്തു കുടുക്കയാണ് ? അച്ഛൻ അടുക്കി വച്ചിരിക്കുന്ന സാധനങ്ങളിലൊന്ന് കൈയ്യിലെടുത്ത് തിരിച്ചും മറിച്ചും നോക്കി. എനിക്കൊന്നും മന്സ്സിലാകുന്നില്ല.ആകപ്പാടെ ഒരു രസം,പിന്നെ അതൊരു പതിവാക്കി. അച്ഛൻ അലമാര തുറക്കുന്നത് കണ്ടാൽ ഞാൻ ഓടിയെത്തും.അതിൽ നിന്ന് ഒരു സാധനമെടുത്ത് അച്ഛൻ എൻറെ കൈയ്യിൽ തന്നു. അത് പുസ്തകമാണെന്ന് പറഞ്ഞു.പുസ്തകം! നല്ല ചിത്രമുള്ള കവർ, ഉള്ളിൽ ചിത്രമുള്ള കടലാസുകൾ. അച്ഛൻ അടുത്ത് കിടന്നകട്ടിലിൽ എന്നെയിരുത്തി.അച്ഛനും അടുത്തിരുന്നു.പുസ്തകമെന്ന അത്ഭുത പ്രപഞ്ചത്തിലേക്ക് ആദ്യ എൻറെ ശ്രദ്ധയെ ആകർഷിച്ചു. അതൊരു കഥാപുസ്തകമാണത്രേ, പുസ്തകം ,കഥ,ചിത്രം,നിറം എന്നി നാല് അത്ഭുതങ്ങൾ ഞാൻ ഒന്നിച്ച് ഗ്രഹിക്കുന്ന ദിവസമായിരുന്നു അത്.

ഒരുകഥയിൽ തന്നെ അനേകം  ചിത്രങ്ങൾ . ഒന്നാമത്തേത് ഒരു കുറുക്കൻറെ ചിത്രം.രണ്ടാമത്തേത് കുറക്കൻറെ തലയ്ക്ക് ചുറ്റിനും ധാരാളം ഈച്ചകൾ പറക്കുന്നത്.

പിന്നത്തെ ചിത്രത്തിൽ കുറുക്കൻ ഒരുചെടിയുടെ കൊമ്പ് പിടിച്ചുകൊണ്ട് വെള്ളത്തിൽ ഇറങ്ങുന്നു. കുറുക്കൻ കൊമ്പ് വെള്ളത്തിൽ ഉപേക്ഷിച്ചിട്ട് ഊളിയിട്ട് കുളത്തിന്റെ മറുകര കയറി ഈച്ചകളിൽ നിന്ന് രക്ഷപ്പെടുന്നു.

ഇന്നും ആ പടങ്ങൾ എന്റെ മനോദർപ്പണത്തിൽ വ്യക്തമായി കാണാം. ഈകുറുക്കനാണ് എന്റെ ജീവിതത്തിലേക്ക് കടന്നു വന്ന ആദ്യത്തെ വീരൻ.മനുഷ്യന് വീരാരാധന  നൈസർഗ്ഗികമാണ്. ഞാനാണ് ആകുറുക്കൻ . ആ കുറുക്കനെ പോലെ ബുദ്ധിയുപയോഗിച്ച് ഈച്ച കുട്ടികളിൽ നിന്ന് കടന്നുകളയണം. ഇതാണ് ഞാൻ കഥയിൽ നിന്നും പഠിച്ചപാഠം.

നിത്യചൈതന്യയതി



നിത്യചൈതന്യയതി

ആത്മീയതയിലും ശ്രീനാരായണ ദർശനത്തിലും പാണ്ഡിത്യമുണ്ടായിരുന്ന

# ചെരാത്

ആത്മീയാചാര്യനും തത്ത്വചിന്തകനുമായിരുന്ന **ഗുരു നിത്യ ചൈതന്യ യതി** (നവംബർ 2, 1923 - മേയ് 14, 1999). ജയചന്ദ്രപ്പണിക്കർ എന്നായിരുന്നു പൂർവ്വാശ്രമ നാമം. ശ്രീനാരായണഗുരുവിന്റെ രണ്ടാം പിൻഗാമിയായി കണക്കാക്കപ്പെടുന്നു(ശ്രീനാരായണഗുരുവിന്റെ പിൻഗാമിയായ നടരാജഗുരുവിനു ശേഷം). ശ്രീനാരായണ ദർശനങ്ങൾ പ്രചരിപ്പിക്കുവാനായി സ്ഥാപിക്കപ്പെട്ട നാരായണ ഗുരുകുലത്തിന്റെ തലവനായിരുന്നു. ഹൈന്ദവ സന്ന്യാസിയായിരുന്നെങ്കിലും ഇതരമതസ്ഥരുടെ ഇടയിലും യതി ഏറെ ബഹുമാനിക്കപ്പെട്ടിരുന്നു. ഭൗതികം, അധ്യാത്മികം, സാമൂഹികം, സമ്പദ് വ്യവസ്ഥ, വിദ്യാഭ്യാസം, ആരോഗ്യശാസ്ത്രം, സാഹിത്യം, സംഗീതം, ചിത്രകല, വാസ്തുശില്പം. തുടങ്ങി ഒട്ടേറെ വിഷയങ്ങൾ അദ്ദേഹം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തു.



# ഞാറ്റുപാട്ട്

പുഞ്ചപാടത്തെ പൂങ്കുയിലേ
പുന്നാരപാട്ടൊന്നു പാടേമോ?
അക്കണ്ടം നട്ടുഞാൻ ഇക്കണ്ടം നട്ടുഞാൻ
മേലേകണ്ടത്തിൽ ഞാറുനട്ടു
ഞാറുകുത്തി കേറിവരുമ്പം
എന്നാലും തമ്പ്രാന് തീണ്ടലാണ്
നെല്ലായനെല്ലെല്ലാം കൊയ്തുമെതിച്ച്
അറയിലിടുമ്പം തീണ്ടലില്ല.
അറകൾ നിറച്ച് പത്തായം നിറച്ച്
ഇറങ്ങി വരുമ്പോഴും തീണ്ടലാണ്.

പൊൻമണി വാരി അറ നിറച്ചാലും

# ചെരാത്

കേറിയിറങ്ങിയാലും തീണ്ടലില്ല

കൊയ്ത്തുകാലം കഴിഞ്ഞ-

പടിപ്പുര കേറിയാ

പിന്നെയും തമ്പ്രാന് തീണ്ടലാണ്

കഴിഞ്ഞ പാടത്ത്

നെന്മണി വാരി വിതറിയാലും

മാസം പലതും കഴിഞ്ഞാലും പിന്നെയും

തമ്പ്രാന് മൂക്കത്തു കോപം തന്നെ..............

# കുഞ്ഞായന്റെ കുസൃതി

കുഞ്ഞായൻ മുസലിയാർ എന്ന് കേട്ടിട്ടുണ്ടോ? മഹാപണ്ഡിതനും മഹാസമർത്ഥനും തമാശക്കാരനുമായിരുന്നു അദ്ദേഹം.മലബാറിൽ കുഞ്ഞായൻ മുസലിയാരെപ്പറ്റി അനവധി കഥകൾ പ്രചാരത്തിലുണ്ട്.ബുദ്ധി സാമർത്ഥ്യം കൊണ്ടും മനസാന്നിദ്ധ്യം കൊണ്ടും അദ്ദേഹം മറ്റുള്ളവരെ കുരങ്ങുകളിപ്പിച്ച കഥകൾ. ഇത്തരം കഥകളിലധികവും കുഞ്ഞായൻ മുസലിയാരെയും മങ്ങാട്ടച്ചനെയും സംബന്ധിച്ചുള്ളവയാണ്. മങ്ങാട്ടച്ചൻ ആരാണന്നല്ലേ? കോഴിക്കോട് രാജാവായിരുന്ന സാമൂതിരിയുടെ മന്ത്രിയായിരുന്നു അദ്ദേഹം.മങ്ങാട്ടച്ചനും കുഞ്ഞായൻ മുസലിയാരും അടുത്ത ചങ്ങാതിമാരായിരുന്നു. എങ്കിലും പരസ്പരം കളിപ്പിക്കുന്നതിൽ രണ്ടുപേർക്കും വലിയ താൽപ്പര്യമായിരുന്നു. കുഞ്ഞായൻ വിദ്യാർത്ഥിയായിരുന്നകാലത്തു തന്നെ മഹാകൃസൃതിക്കാരനായിരുന്നു.കൂട്ടുകാരെ മാത്രമല്ല ഗുരുനാഥനായ ഉസ്താദിനെയും കളിപ്പിക്കുന്നതിൽ എപ്പോഴും കുഞ്ഞായൻ വിജയിച്ചു. ഒരിക്കൽ കുഞ്ഞായനെഒന്ന് പറ്റിക്കാൻ ഉസ്താദ് തീർച്ചയാക്കി. കുഞ്ഞായൻ ഓത്തുപള്ളിയിൽ ഹാജരില്ലാത്ത ഒരു ദിവസം ഉസ്താദ് മറ്റുകുട്ടികളോട് പറഞ്ഞു. നാളെ വരുന്പോൾ നിങ്ങൾ എല്ലാവരും ഓരോ കോഴിമുട്ട കൊണ്ടുവരണം. കൊണ്ടുവരുന്ന വിവരം കുഞ്ഞായൻ അറിയരുത്. രഹസ്യമായിരിക്കണം.

ഞാൻ ചോദിക്കുന്പോഴെ പുറത്തെടുക്കാവൂ.ഇത് കുഞ്ഞായനെ ഒന്നിരിത്താനുള്ള സൂത്രമാണെന്ന് സഹപാഠികൾക്ക് മനസ്സിലായി. അവൻറെ കുസൃതിത്തരങ്ങൾക്ക് ഇരയായി എപ്പോഴും തോറ്റുപോകാറുള്ള അവർക്കെല്ലാം ഒരിക്കലെങ്കിലും അവനൊന്നു തോറ്റുകാണാൻ അതിയായ ആഗ്രഗമുണ്ടായിരുന്നു.അതുകൊണ്ടു തന്നെ കോഴിമുട്ടക്കാര്യം എല്ലാവരും രഹസ്യമാക്കി വച്ചു.


പതിവുപോലെ പിറ്റേന്ന് കുഞ്ഞായനും സഹപാഠികളും പാഠശാലയിലെത്തി.സഹപാഠികളെല്ലാം കോഴിമുട്ട മടിയിൽ ഒളിപ്പിച്ചുകൊണ്ടുവന്നിരുന്നു.എന്തെങ്കിലും വിശേഷമുള്ളതായി ആരും ഭാവിച്ചില്ല. പാഠം കഴിഞ്ഞപ്പോൾ പതിവില്ലാതെ ഉസ്താദ് പറഞ്ഞു.എന്നോട് സ്നേഹമുള്ളശിഷ്യൻമാരെല്ലാംഇപ്പോൾ തന്നെ ഓരോ കോഴിമുട്ട ഇട്ടുതരണം.കുട്ടികൾക്ക് ഉത്സാഹമായി , ഉസ്താദ് കൈനീട്ടിയപ്പോൾ അവർ മടിയിൽ ഒളിപ്പിച്ചുവച്ചിരുന്ന കോഴിമുട്ടതന്ത്രപൂർവ്വം പുറത്തെടുത്തു.സന്തോഷവും അഭിനന്ദനവും പ്രകടിപ്പിച്ചുകൊണ്ട് ഉസ്താദ് അവരുടെ നേരെ പുഞ്ചിരി പൊഴിക്കുമ്പോ കുഞ്ഞായനെ ഒളികണ്ണിട്ട് നോക്കുന്നുണ്ടായിരുന്നു. അവൻ ഭാവഭേദമൊന്നും കൂടാതെ ഇതെല്ലാം കണ്ട്

രസക്കുകയാണ്. മറ്റ് കുട്ടികളുടെയെല്ലാം ഊഴം കഴിഞ്ഞപ്പോൾ ഉസ്താദ് കുഞ്ഞായൻറെ സമീപത്തെത്തി. എല്ലാവരും ചിരിയൊതുക്കി കാത്തിരിക്കുകയാണ് . കുഞ്ഞായൻ എഴുന്നേറ്റ് നിന്ന് ശക്തമായി തുടയ്ക്കടിച്ച് കോഴികൂവും പോലെ ഉച്ചത്തിൽ ഒന്നു കൂവി.എന്നിട്ട് ഉസ്താദിനോട് പറഞ്ഞു ഇവരൊക്കെ പിടയാ ഞാനാ പൂവൻ ! ഉസ്താദും മറ്റ് കുട്ടികളും ഇളിഭ്യരായി.



---

സൂരജ്.എസ്



## പച്ചക്കിളി

കൊച്ചുമരത്തിൽ തത്തിയിരിക്കും
പച്ചക്കിളിയെ പാടുക നീ.
കനികൾ തരാം ഞാൻ പാലുതരാം ഞാൻ
കനിവൊടു പാടുക പാടുക നീ
ചെല്ല പൂഞ്ചിറകുള്ളതിനാൽ നീ
എല്ലാ ദിക്കും കണ്ടല്ലോ-
അഴകൊടു ചെറുനരനിര ചിതറിക്കൊ -
ണ്ടൊഴുകിടും പുഴ തന്നരികിൽ
പുല്ലുകൾ കൊണ്ടു പുതച്ചു കിടക്കും
നല്ലൊരു കുന്നുകൾ തൻ ചരുവിൽ
കുട്ടിക്കാറ്റിൽ പൂമണമിളകും
കുറ്റിക്കാടുകൾ തൻ നടുവിൽ
കണ്ണുകുളിർക്കെ കാണും കാഴ്ചക-
ളൊന്നൊന്നായി പ്പറയാമോ ?

# പ്രകൃതിയുടെ പ്രതികാരം

മീനു.ഡി

ജന്മിത്വത്തിൻറെ ഒരംശം നിലനിന്നിരുന്ന കേരളത്തിലെ ഒരു ഗ്രാമപ്രദേശമാണ് രാമപുരം. അവിടെ നല്ലവനായിരുന്ന ഒരു പ്രമാണി ജീവിച്ചിരുന്നു. അയാളുടെ പേര് പ്രഭാകരൻ പിള്ള . നാട്ടിൽ എന്ത് പ്രശ്നമുണ്ടായാലും അത് ഒത്തുതീർപ്പാക്കുന്നത് അദ്ദേഹമാണ്. ഇളയമകൻറെ പ്രസവത്തോടെ ഭാര്യ മരിച്ചു.അമ്മയില്ലാത്ത കുട്ടിയായതിനാൽ പ്രമാണിയുടെ ഇളയമകനെ എല്ലാവരും താലോലിച്ചിരുന്നു. അവൻറെ പേര് ഹരിവർദ്ധനൻ എന്നായിരുന്നു. ഹരി എന്നാണ് എല്ലാവരും അവനെ വിളിച്ചിരുന്നത്. അവൻറെ അഞ്ചാം പിറന്നാളിന് ഗ്രാമത്തിൻറെ മൈതാനത്തിൻറെ ഒരു വശത്ത് ഒരു മാവിൻ തൈ നട്ടു. അവനും അവൻറെ കൂട്ടുകാരും ചേർന്ന് അതിനെ പരിപാലിച്ചു



പോന്നു. ജോലി കിട്ടി പലവഴിക്ക് അവർ പിരിഞ്ഞെങ്കിലും ആമാവിൻ ചുവട്ടിൽ  അവർ ഇടയ്ക്ക് ഒത്തു കൂടിയിരുന്നു.     ഗ്ലാസ് വീണുടയുന്ന ശബ്ദം കേട്ടാണ് ഹരി ഓർമ്മകളിൽ നിന്ന് ഉണർന്നത്. ഹരിയുടെ ഭാര്യയാണ് ഗംഗ . അവർ നാട്ടിലെ

തറവാട്ടിലാണ് താമസിക്കുന്നത്. മക്കൾ രണ്ടുപേരും കുടുംബത്തോടൊപ്പം വിദേശത്താണ്.കാലത്തിനെ കാറ്റ് തഴുകിയെടുത്തു. ഇതിനിടെ മാവ് നിന്നിരുന്ന മൈതാനം പഞ്ചായത്ത് വക ഭൂമിയായി . അവിടെ പുതിയൊരു ഫാക്ടറി



നിർമ്മിക്കാൻ പോകുകയാണ്.   ഒരിക്കൽ ഹരി ഉമ്മറപ്പടയിൽ ചാരിയിരിക്കുന്പോഴാണ് സുഹൃത്തിൻറെ മകനായ അനീഷ് ആ

ദുഖവാർത്തയുമായി എത്തിയത്. അവർ നിധിപോലെ കാത്തുസൂക്ഷിച്ച മാവ് ഉൾപ്പെടുന്ന മരങ്ങൾ വെട്ടാൻ ഗവൺമെൻറ് ഓർഡർ കൊടുത്തു. ഹരിവർദ്ധനൻ പ്രായത്തിൻറെ അവശതകൾ മറന്ന് അങ്ങോട്ടേക്ക് ഓടി. മൈതാനത്ത് ആരേയും പ്രവേശിപ്പിക്കാതെ പോലീസ് സന്നാഹങ്ങളുണ്ട്. കളക്ടറും മറ്റ് ഉദ്യോഗസ്ഥരും എത്തിയിട്ടുണ്ട്. ഹരിയും അവൻറെ സുഹൃത്തുക്കളും അതിനെ  എതിർക്കാൻ ശ്രമിച്ചു. പോലീസ് അവരെ ആട്ടിപ്പായിച്ചു. മരത്തിൻറെ ഓരോശാഖകളും വെട്ടുന്പോൾ ഹരി കൂടുതൽ തളർന്നിരുന്നു. നെഞ്ചിൽ കൈവച്ച് കരഞ്ഞു. മരം പാടെ മുറിച്ച് മാറ്റപ്പെട്ടതും ഹരി തളർന്ന് വീണതും ഒരുമിച്ചായിരുന്നു.കാലങ്ങൾ പിന്നെയുംകഴിഞ്ഞുപോയി ഹരിയും ഭാര്യയും എഴുപതിനോടടുത്തു. ഫാക്ടറിയിൽ നിന്ന് പുറന്തള്ളുന്ന പുകയും പുഴയിലേക്ക് ഒഴുക്കി വിടുന്ന മലിനജലവും അക്കാലത്ത് നാട്ടിൽ പലതരം പകർച്ച വ്യാധികൾക്ക്  ഇരയാക്കി. ജനിച്ചുവീഴുന്ന ഓരോ കുഞ്ഞിനും ഓരോ തരത്തിലുള്ള വൈകല്യമുണ്ടായി. കൃഷിസ്ഥലങ്ങൾ വരണ്ടു. ആ നാട് തീരാദുഖത്തിലേക്ക് വഴുതി വീണു.

# എഴുത്തച്ഛൻ



ഇദ്ദേഹത്തെ ആധുനികമലയാളഭാഷയുടെ പിതാവെന്നു വിളിക്കുന്നു. പൊന്നാനി താലൂക്കിൽ തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിനു പടിഞ്ഞാറുള്ള തുഞ്ചത്ത് തറവാട്ടിലാണെന്ന് ജനിച്ചതെന്നു വിശ്വസിക്കുന്നു. സംസ്കൃതം , വേദാന്തം, തമിഴ് തുടങ്ങിയവ അഭ്യസിച്ചിരുന്നു. എ ഡി പതിനാറാം ശതകത്തിൽ ജീവിച്ചിരുന്നതായി കരുതുന്നു. *അധ്യാത്മരാമായണം കിളിപ്പാട്ട്, ഭാരതം കിളിപ്പാട്ട്, ഭാഗവതം കിളിപ്പാട്ട് , ഉത്തര രാമായണം, ചിന്താരത്നം, ദേവിമഹാത്മ്യം, കൈവല്യ നവനീതം, ഹരിനാമകീർത്തനം തുടങ്ങി ഒട്ടേറേ കൃതികൾ ഇദ്ദേഹത്തിൻറെയാണെന്ന്

*

വിശ്വസിക്കപ്പെടുന്നു. സംസ്കൃത പദങ്ങൾ ഇടകലർന്നതെങ്കിലും ലളിതഭാഷയിലൂടെ , നാടൻവൃത്തങ്ങളിലൂടെ,മലയാള സാഹിത്യത്തിനുംഭാഷയ്ക്കും ഒരു സ്ഥായിത്വം നൽകിയത് ഇദ്ദേഹമാണ്.

# കഥ പറയുന്ന കല്ലുകൾ

പ്രിയപ്പെട്ട മകളേ,

നാം ഒന്നിച്ചിരിക്കുന്പോൾ നീ എന്നോട് പലചോദ്യങ്ങളും ചോദിക്കാറുണ്ടായിരുന്നല്ലോ. ഞാനതിന് ഉത്തരം നൽകാൻ ശ്രമിക്കാറുമുണ്ടായിരുന്നു.നീയിപ്പോൾ മസൂരിലും ഞാനിപ്പോൾ അലഹബാദിലുമായതിനാൽ നമ്മുക്കൊന്നിച്ചിരുന്ന് വർത്തമാനങ്ങൾ പറയാൻകഴിയുന്നില്ല. അതുകൊണ്ട് ഭൂമിയെക്കുറിച്ചും ചെറുതും വലുതുമായ രാജ്യങ്ങളെക്കുറിച്ചും ഞാൻ നിനെക്കെഴുതാം.

ദശലക്ഷക്കണക്കിന് വർഷങ്ങളുടെ പഴക്കമുണ്ട്. നമ്മുടെ ഭൂമിക്കെന്നു നിനക്കറിയാമല്ലോ. ഒരു പാടുകാലം ഭൂമിയിൽ മനുഷ്യവാസമുണ്ടായിരുന്നില്ല.മനുഷ്യരുണ്ടാവന്നതിനുമുൻപേ ഇവിടെ മൃഗങ്ങളും സസ്യങ്ങളും ഉണ്ടായിരുന്നു. അതിന് മുൻപ് ജീവനില്ലാത്ത കാലമായിരുന്നു. അനേകതരം ജന്തുക്കളാലും മനുഷ്യരാലും നിറഞ്ഞ ഇക്കാലത്തിരുന്ന് ജീവികളെയില്ലായിരുന്ന അക്കാലത്തെക്കുറിച്ച് സങ്കൽപ്പിക്കുക പ്രയാസമാണ്. അക്കാലത്തെക്കുറിച്ച് പഠിച്ചവർ പറയുന്നത് ഒന്നിനും ജീവിക്കാൻ പറ്റാത്ത വിധം ചുട്ടുപഴുത്തതായിരിന്നു അന്ന് ഈ ഭൂമി എന്നാണ്. പുസ്തകങ്ങൾ വായിക്കുകയും ഫോസിലുകൾ , പാറകൾ തുടങ്ങിയവയെക്കുറിച്ച് പഠിക്കുകയും ചെയ്താൽ അതിനെക്കുറിച്ച്

ബോധ്യമാകും. ചരിത്ര പുസ്തകങ്ങൾ പഴയകാലത്തിൻറെ കഥയാണ് പറയുന്നത്. എന്നാൽ പുസ്തകങ്ങളെ ഇല്ലാതിരുന്ന ചരിത്രാതീതകാലങ്ങളെക്കുറിച്ച് അറിയാൻ എന്താണ് വഴി, പാറകൾ , പർവ്വതങ്ങൾ , ഫോസിലുകൾ , പുഴകൾ , മരുഭൂമികൾ തുടങ്ങിയവ നിരീക്ഷിക്കുക. അവ ആദ്യകാലകഥ പറയുന്ന പുസ്തകങ്ങളാണ്. നമ്മുടെ പ്രകൃതിയിലേക്ക് പോകലാണ് ഇക്കഥ വായിക്കാനുള്ള മാർഗ്ഗം. എത്ര രസകരമായിരിക്കുമെന്നത്  ഒന്ന് സങ്കൽപ്പിച്ച് നോക്കുക.റോഡരികിലോ കുന്നിൻ ചെരുവിലോ കിടക്കുന്ന ഒരു മണിക്കല്ലെടുത്തുനോക്കൂ. പ്രകൃതി പുസ്തകത്തിലെ ഒരു താളാണത്. നിനക്ക് വായിക്കാനറിയാമെങ്കിൽ ഒരുപാട് കഥകൾ  ആകല്ല്  പറഞ്ഞ് തരും.നമ്മുക്ക് പുസ്തകങ്ങൾവായിക്കണമെങ്കിൽ പ്രകൃതിയുടെ അക്ഷരമാല പഠിക്കണം. അതെങ്ങനെയാണെന്ന് കുറച്ചൊക്കെ നിനക്ക് മനസ്സിലായിരിക്കുമല്ലോ? നന്നായി വായിക്കാൻ ഞാൻ നിന്നെ സഹായിക്കാം .

തിളങ്ങുന്ന ഒരു കൊച്ചുകല്ലിനെ നോക്കൂ അത് നിനക്ക് എന്തൊക്കെയാ പറഞ്ഞുതരുന്നില്ലേ ?


കൂർത്തുമൂർത്ത മുനകളോ പരുപരുത്തമൂലകളോ ഇല്ലാതെ അതെങ്ങനെ തിളക്കമാർന്നതും മിനുസമുള്ളതും ഉരുണ്ടതുമായെന്ന് ചോദിച്ചു നോക്കൂ. കാണാൻ കണ്ണും കേൾക്കാൻ ചെവിയും ഉണ്ടെങ്കിൽ മണിക്കല്ലിൻറെ കഥയറിയാം. പണ്ട് പണ്ട് ആ മണിക്കല്ലും വലിയൊരു പാറക്കല്ലായിരുന്നു. പാറപൊട്ടിച്ചാൽ കാണുന്ന തരത്തിലുള്ള കൂർത്ത അരികുകളും  മൂലകളുമുള്ള പാറക്കല്ല് . അത് കുറേക്കാലം ഏതോ പാറക്കൂട്ടത്തിൽ വിശ്രമിച്ചിരിക്കണം. പിന്നെ മഴയത്ത് ഒഴുകിയൊഴുകി താഴ്വാരത്തിലെത്തി  ഏതോ കൊച്ചരുവി അതിനെ ഉന്തിയും തള്ളിയും

പുഴയിലെത്തിച്ചു. പുഴയുടെ അടിത്തട്ടിലൂടെ ഒഴുകിയൊഴുകി അതിൻറെ കൂർത്തു മൂർത്ത പ്രതലം മിനുസമുള്ളതും തിളക്കമുള്ളതുമായി മാറി. അങ്ങനെ അത് ഈ രൂപത്തിലായി. പിന്നെയങ്ങനെയോ പുഴ അതിനെ ഉപേക്ഷിച്ചു.അതുകൊണ്ട്നിനക്കതിനെ കാണാൻ കഴിഞ്ഞു.

മണിക്കല്ലിനെ പുഴ വീണ്ടും കൊണ്ടുപോയിരുന്നെങ്കിൽ അതു പിന്നെയും പിന്നെയും ചെറുതായേനെ. ഒടുവിൽ ഒരു മണൽ തരിയായിഅതു കടലോരത്തെ തൻറെ സഹോദരർക്കൊപ്പം ചേരുമായിരുന്നു. ആ മനോഹരമായ കടപ്പുറത്ത് കുട്ടികൾ പുഴയിലിരുന്ന് കളിക്കുകയും മണൽ കൊട്ടാരങ്ങൾ പണിയുകയും ചെയ്യുമായിരുന്നു.

ഓർത്തുനോക്കൂ ഒരു മണിക്കല്ലിന് ഇത്രമാത്രം കഥപറയുന്നുണ്ടെങ്കിൽ നമ്മുക്ക്ചുറ്റുമുള്ള പാറകൾക്കും മറ്റ് വസ്തുക്കൾക്കും എത്രയധികം കഥകൾ പറയാനുണ്ടാവും .

## [1] ജവഹർലാൽ നെഹ്റു



**ജവഹർലാൽ നെഹ്റു** (നവംബർ 14, 1889 - മേയ് 27, 1964) ആധുനിക ഇന്ത്യയുടെ ശില്പി എന്നു വിശേഷിപ്പിക്കുന്ന ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി.[1][2] ഇന്ത്യൻ സ്വാതന്ത്ര്യ സമരനേതാവ് രാഷ്ട്രീയ തത്ത്വചിന്തകൻ, ഗ്രന്ഥകർത്താവ്, ചരിത്രകാരൻ എന്നീ നിലകളിലെല്ലാം വ്യക്തിമുദ്രപതിപ്പിച്ച നെഹ്റു

1

# ചെരാത്

രാജ്യാന്തരതലത്തിൽ ചേരിചേരാനയം അവതരിപ്പിച്ചും ശ്രദ്ധനേടിയിരുന്നു. മോഹൻദാസ് കരംചന്ദ് ഗാന്ധിയുടെ ആശിസ്സുകളോടെ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ മുന്നണി പ്പോരാളിയായി മാറിയ ഇദ്ദേഹം ഇന്ത്യക്കു സ്വാതന്ത്ര്യം കിട്ടിയ 1947 മുതൽ 1964 ൽ മരിക്കുന്നതു വരെ ഇന്ത്യയുടെ പ്രധാനമന്ത്രിയായി സേവനമനുഷ്ഠിച്ചു. . സോഷ്യലിസത്തിലൂന്നിയ നെഹ്രുവിന്റെ രാഷ്ട്രീയദർശനങ്ങളാണ് നാലുപതിറ്റാണ്ടോളം ഇന്ത്യയെ നയിച്ചത്. അദ്ദേഹത്തിന്റെ ഏകമകൾ ഇന്ദിരാ ഗാന്ധിയും ചെറുമകൻ രാജീവ് ഗാന്ധിയും പിന്നീട് ഇന്ത്യയുടെ പ്രധാനമന്ത്രിസ്ഥാനം വഹിച്ചിട്ടുണ്ട്.

# ആ കാൽവയ്പ്പിന് അൻപത് വർഷം



അൻപത് വർഷം മുൻപായിരുന്ന ആ ചരിത്ര വിജയം.1969 ജൂലൈ 21 ഇൻഡ്യൻ സമയം  പുലർച്ചെ 1:48( അമേരിക്കൻ സമയം രാത്രി 10:56 ജൂലൈ 20 ) മനുഷ്യൻ ചന്ദ്രനിൽ പറന്നിറങ്ങി വിസ്മയം

സൃഷ്ടിച്ചു. ലോകത്തെ വിസ്മയിപ്പിച്ച ശാസ്ത്രനേട്ടമായിരുന്നു അത്. തീർത്തും അവിശ്വസനീയം. ചിലർക്ക് ഇപ്പോഴും വിശ്വസിക്കാനായിട്ടില്ലത്രേ ! ശാസ്ത്ര നേട്ടങ്ങൾ ബോധപൂർവ്വം

തമസ്കരിക്കാൻ ശ്രമിക്കുന്ന ഇക്കാലത്ത് മനുഷ്യൻ ചന്ദ്രനിൽ ഇറങ്ങിയിട്ടില്ലെന്ന് കുപ്രചരണത്തെ വസ്തുതകൾ നിരത്തി വിശദീകരിക്കുകയാണ്. ഐ എസ് ആർ ഓ ശാസ്ത്രജ്ഞനും ഐക്യരാഷ്ട്രസഭയുടെ സ്പെയ്സ് സയൻസ് ആൻഡ് ടെക്നോളജി ഫോർ ഏഷ്യ ആൻഡ് പസഫിക് ഫാക്കൽടിയുമായിരുന്ന പി എം .സിദ്ധാർത്ഥൻ.

അൻപതാണ്ട് മുൻപ് ചന്ദ്രനിൽ കാൽകുത്തിയ നീൽ ആംസ്ട്രോങിൻറെ ഈവാക്യം ചരിത്രത്തിൽ മുഴങ്ങി നിൽക്കുന്നു. ആ ചുവടുവയ്പ്പ് അതുവരേയ്ക്കുമുള്ള പലധാരണകളേയും അട്ടിമറിച്ചു. പുതിയ ശാസ്ത്രസത്യങ്ങളിലേക്ക് വെളിച്ചം വിതറി. ആകാശവും ആഴിയും പോലെ ചന്ദ്രൻ എന്നും മനുഷ്യന് അദ്ഭുതമായിരുന്നു. അമാവസി മുതൽ ചന്ദ്രികവരേയും പൗർണ്ണമി മുതൽ ചന്ദ്രക്കലവരേയും വ്യത്യസ്തങ്ങളായ ഭാവനകൊണ്ട് കവികളും കലാകാരൻമാരും ചന്ദ്രനെ വർണ്ണിച്ചു. മാനത്തെ മഹാത്ഭുതത്തിൻറെ പൊരുളന്വേഷിച്ച് വളരെ മുൻപ് തന്നെ നമ്മുടെ പൂർവ്വികർ യാത്രയാരംഭിച്ചു. ആ അന്വേഷണം മനുഷ്യനെ ചന്ദ്രനിലെത്തിച്ചു.ഭൂമിക്ക് പുറത്ത് മറ്റെവിടെയെങ്കിലും മനുഷ്യൻറെ

കാൽപ്പാട് പതിഞ്ഞിട്ടുണ്ടെങ്കിൽ അത് ചന്ദ്രനിൽ മാത്രമാണ്. സോവിയറ്റ് യൂണിയനും അമേരിക്കയും ചന്ദ്രനെ ലക്ഷ്യമാക്കി ശ്രദ്ധേയങ്ങളായ പര്യവേഷണങ്ങളിൽ ഏർപ്പെട്ടു. അവർ ബഹിരാകാശരംഗത്ത് തങ്ങളുടെ കഴിവുകൾ തെളിയിക്കാൻ തുടങ്ങി. അവയിൽ പ്രധാനപ്പെട്ടവ ചന്ദ്രനെ അറിയുക എന്നതായിരുന്നു. "ലൂണാ" സീരിസിന് തുടക്കമിട്ടത് സോവിയറ്റ് യൂണിയൻ ആയിരുന്നു. ചന്ദ്രൻറെ അടുത്തുകൂടി പോകുന്നവ, ചന്ദ്രനിൽ ഇടിച്ചിറങ്ങുന്നവ, ചന്ദ്രനിൽ സാവധാനത്തിൽ ഇറങ്ങുന്നവ എന്നിങ്ങനെയായിരുന്നു ലൂണയുടെ പരിപാടി. എന്നാൽ മനുഷ്യനെ ചന്ദ്രനിൽ എത്തിക്കുക എന്നബൃഹത് ദൗത്യം തുടങ്ങിയത് അമേരിക്കയാണ്. അതിന് അവർ കൊടുത്തപേരായിരുന്നു അപ്പോളോ സീരിസ് . 1957 ൽ സ്ഫുട്നിക്കിൻറെ വിക്ഷേപണത്തിലൂടെ ആരംഭിച്ച ബഹിരാകാശ പര്യവേഷണം 1969 ൽ മനുഷ്യൻ ചന്ദ്രനിൽ ഇറങ്ങിയതോടെ വഴിത്തിരിവിലെത്തി. തുടർന്ന് നിരവധി പേർ ചന്ദ്രനിലിറങ്ങി പരീക്ഷണങ്ങൾ നടത്തി സുരക്ഷിതമായി തിരിച്ചെത്തി. തുടർന്ന് ചന്ദ്രനെ കേന്ദ്രീകരിച്ച് ശാസ്ത്രലോകം നിരവധി പഠനങ്ങൾ നടത്ത

ശിവഗംഗ ആർ.എം

# ഒരു നാടൻ പാട്ട്



തമ്പ്രാന് തിരുമുന്പിൽ

കുന്പിടും പണിപോരാ

അന്തിയിൽ പുഞ്ചക്ക്

നീര് തേവി കൂട്ടണം
പുഞ്ചനീര് നക്കന്പം
പുള്ള്പിച്ച് കൂട്ടമ്പം

ഞാനയഞ്ഞ് മാടത്തെ
പായിലേക്ക് വീയുന്നു
എള്ളോണങ്ങുന്നെണ്ണേയ്ക്ക്
പുല്ലോണങ്ങുന്നാലയ്ക്കക്ക്
ഞാറൊണങ്ങിത്തീര്ന്നേ
തമ്പ്രാന്  തൻറെ പിള്ളയ്ക്ക്

കൂറണഞ്ഞമാരൻറെ
മാറണിഞ്ഞമംഗല്യം
ഏറേനീണ്ടുനിന്നില്ല
പോയിപിന്നെ വന്നില്ല
കൈതമലക്കുന്നിൻറെ
തായെവെള്ളച്ചാല്ന്ന്
നീരൊവുക്കം പോലെൻറെ
കരളിലെന്തൊപായാന്ന്

എന്തുകൊണ്ട് നീ എയ്തി
എൻെറ തലേ തന്പ്രാനെ
എന്ന് കൊണ്ടുപോകും നീ
എന്നെ മേലേ തമ്പ്രാന്

## സുദേവയുടെഭാഗ്യം

ഒരു ഗ്രാമത്തിൽ ഒരു അലക്കുകാരൻ ഉണ്ടായിരുന്നു. സുദേവ എന്നായിരുന്നു പേര്. വസ്ത്രങ്ങൾ അലക്കികൊടുക്കലായിരുന്നു അദ്ദേഹത്തിൻെറ ജോലി. ജോലിയിൽ സഹായിക്കാൻ അയാൾക്ക് ഒരു കഴുതയും ഉണ്ടായിരുന്നു. അലക്കാനുള്ള തുണിക്കെട്ടുകൾ പുഴയിലേക്ക് കൊണ്ടുപോവുക, അലക്കിയവ തിരിച്ചുകൊണ്ടുപോരുക- ഇവയായിരുന്നു കഴുതയുടെ ജോലി. സുദേവ കഴുതയെ നിത്യവും കുളിപ്പിച്ചും, നല്ല തീറ്റകൊടുത്തും സ്നേഹിച്ചാണ് വളർത്തിയിരുന്നത്. എങ്കിലും ഭാരം ചുമന്നും , സുദേവനെ ചുമന്നും കഴുത നല്ലവണ്ണം കഷ്ടപ്പെട്ടിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം സുദേവയുടെ കഴുതയെ കാണാനില്ല! കഴുതയെ കാണാനില്ലാത്ത വാർത്ത നാടാകെ പരന്നു. സുദേവൻെറ കഴുത നാടുവിട്ടു.പാവം സുദേവ . എല്ലാവർക്കും സങ്കടമായി . ഇനിയെങ്ങനെ സുദേവ തൻെറ ജോലി നടത്തും. വീട്ടിൽ സുദേവ സങ്കടപ്പെട്ടിരിക്കുമായിരിക്കും.

അവനെകണ്ട് സമാധാനിപ്പിക്കണം. എല്ലാവരും തീർച്ചയാക്കി. സുഹൃത്തുക്കൾ സുദേവയുടെവീട്ടിലേക്ക് നടന്നു. അവർ അയാളുടെ വീട്ടിലെത്തി.പക്ഷേ സുദേവയുടെ മുഖത്ത് സങ്കടമൊന്നും കണ്ടില്ല. അയാൾ സുഹൃത്തുക്കളെ സന്തോഷപൂർവ്വം സ്വീകരിച്ചിരുത്തി. എല്ലാവർക്കും അത്ഭുതമായി . ഇതെന്തു കഥ.കഴുതപോയിട്ടും സുദേവന് സന്തോഷം. അവർ സുദേവയോട് കാര്യം തിരക്കി സുദേവ ചിരിച്ചുകൊണ്ട് തന്നെ മറുപടിയും നൽകി.കഴുത നാട് വിട്ടത് രാത്രിയാണ്. അപ്പോൾ ഞാൻ വീട്ടിൽ അകത്ത് കിടന്നുറങ്ങുകയായിരുന്നു.അതെൻറെ ഭാഗ്യമായില്ലേ ? ഞാൻ കഴുത പുറത്ത് കയറി സവാരി ചെയ്യുന്പോഴാണ് കഴുത നാടുവിട്ടിരുന്നെങ്കിലോ ?എന്നെയും കാണാതാവുമായിരുന്നില്ലേ ? .......... ഇതും പറഞ്ഞ് സുദേവ ചിരിക്കാൻ തുടങ്ങി . ഇത് കേട്ട് അവിടെ കൂടിയ എല്ലാവരും കൂടി കൂട്ടച്ചിരിയായി.

ആദർശ് .ജി.കെ

**പദസൂചിക**


1 ജവഹർലാൽ നെഹ്റു......22
രസക്കുടുക്ക......4
കുഞ്ഞായൻ മുസലിയാർ......9
അപ്പോളോ സീരിസ്......26
എഴുത്തച്ഛൻ......18
ഒരു നാടൻ പാട്ട്......27
ഞാറ്റുപാട്ട്......7
നിത്യചൈതന്യയതി......5
പ്രകൃതിയുടെ പ്രതികാരം......14
സുദേവയുടെഭാഗ്യം......29



## നന്ദി

കുലശേഖരപുരം ഗവൺമെന് H.S.S ലെ ലിറ്റിൽകൈറ്റ്സ് യൂണിറ്റ് പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാസികക്ക് സഹായകമായിപ്രവർത്തിച്ച എല്ലാ സുമനസ്സുകൾക്കും നന്ദി രേഖപ്പെടുത്തുന്നു

ലിറ്റിൽകൈറ്റ്സ് യൂണിറ്റ്

# ചെരാത്